പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 3453

12-12-2014 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.സി.പി. മുഹമ്മദ്
ശ്രീ.കെ. മുരളീധരൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) അഗ്രോ സർവ്വീസ് സെന്ററുകൾ വഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) | 1. കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിച്ചെലവും. കൃഷി ലാഭകരമാക്കുന്നതിന് അവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ, മെഷിനറികൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.<br>2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>3. മണ്ണ് പരിശോധന, രോഗകീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നു.<br>4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രേയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.<br>5. കൃഷിയിലും അനുബന്ധ മേഖലകളിലും യുവാക്കൾക്ക് താൽപ്പര്യവും, പ്രാഗൽഭ്യവും ഉറപ്പ് വരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കർഷകരിൽ എത്തിക്കുന്നു. |

| | | |
|---|---|---|
| (സി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കാൻ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്പെട്ടുമെന്നാണ് കരുതുന്നത്;വിശദമാക്കുമോ; | (സി) | കർഷകതൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സഹായകരമാണ്. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവന കേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുകയും, തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് പ്രവർത്തിക്കുകയും ചെയ്യുന്നു. നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു. |
| (ഡി) സംസ്ഥാനത്ത് ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സംസ്ഥാനത്ത് 14 ജില്ലകളിലായി 35 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## തെരഞ്ഞെടുത്ത 35 ബ്ലോക്കുകളിലെ അഗ്രോ സർവ്വീസ് സെന്ററുകളുടെ വിവരങ്ങൾ

| ക്രമ നം. | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | കഴക്കൂട്ടം, പാറശ്ശാല |
| 2 | കൊല്ലം | പത്തനാപുരം, ചടയമംഗലം |
| 3 | പത്തനംതിട്ട | റാന്നി, കോന്നി |
| 4 | ആലപ്പുഴ | കായംകുളം, ചെങ്ങന്നൂർ |
| 5 | കോട്ടയം | പള്ളം, കടുത്തുരുത്തി |
| 6 | ഇടുക്കി | തൊടുപുഴ, ഇടുക്കി |
| 7 | എറണാകുളം | കോതമംഗലം, പാമ്പാക്കുട, ആലങ്ങാട് |
| 8 | തൃശ്ശൂർ | പഴയന്നൂർ, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി |
| 9 | പാലക്കാട് | മലമ്പുഴ, പട്ടാമ്പി |
| 10 | മലപ്പുറം | പെരിന്തൽമണ്ണ, കുറ്റിപ്പുറം, പെരുമ്പടപ്പ് |
| 11 | കോഴിക്കോട് | പേരാമ്പ്ര, മേലടി, കുന്നുമ്മേൽ, കൊടുവള്ളി |
| 12 | വയനാട് | കല്പറ്റ, മാനന്തവാടി, അമ്പലവയൽ |
| 13 | കണ്ണൂർ | കൂത്തുപറമ്പ്, ഇരിക്കൂർ, പയ്യന്നൂർ |
| 14 | കാസർഗോഡ് | നീലേശ്വരം, മഞ്ചേശ്വരം |